പാർട്ടിനേതൃത്വങ്ങൾക്ക കാര്യങ്ങൾ വിട്ടുകൊടുത്തു ബഹുജനങ്ങൾ മിണ്ടാതിരുന്നാൽ, മഹാഭാരതം ഇന്ത്യയിൽ ആവർത്തിച്ചുകൂടെന്നില്ല. 'സമൂലസ്സുവിനശ്യതി' എന്ന വ്യാസൻെറ പ്രവചനം എന്നും നാം ഓർത്തിരിക്കുന്നതു കൊള്ളാം.

20 സെപ്തംബർ, 1984

# 44. കള്ളപ്പണം

ഇന്ത്യയിലെ കള്ളപ്പണത്തെപ്പററി രണ്ടുവർഷംമുമ്പ് ഞാൻ എഴുതി:

'ഇന്ത്യയിൽ മുപ്പത്തിനാലായിരം കോടി രൂപയോളം കള്ളപ്പണം വ്യാപരിക്കപ്പെട്ടുവരുന്നുണ്ടത്രേ. നികുതിവെട്ടിപ്പാണ് കള്ളപ്പണം പെരുകാനുള്ള മുഖ്യകാരണം. പൂഴ്ത്തിവെച്ചും കള്ളക്കണക്കെഴുതിയും കള്ളപ്പണമുണ്ടാക്കാത്ത വ്യവസായികളോ വ്യാപാരികളോ ഇന്ത്യയിൽ കുറവാണ്. കയററുമതിയുടെ വില കുറച്ചുകാണിക്കുക, ഇറക്കുമതിയുടെ വില കൂട്ടിക്കാണിക്കുക മുതലായവ നികുതിവെട്ടിപ്പിനുള്ള ചില മാർഗങ്ങളാകുന്നു. ഇങ്ങനെയൊക്കെ വളരെയധികം കള്ളപ്പണം വിദേശബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നു....കള്ളപ്പണനിക്ഷേപത്തിനുള്ള ഒരു പ്രധാനമേഖലയാണ് സ്വർണ്ണത്തിൻെറ കള്ളക്കടത്തു്.

'ഇന്ത്യയിൽ തെരഞ്ഞെടുപ്പുകൾ നടക്കുന്നതു കള്ളപ്പണം ഉപയോഗപ്പെടുത്തിയാണ്. വ്യവസായികളും കച്ചവടക്കാരും കോൺട്രാക്ടർമാരും കള്ളക്കടത്തുകാരും നികുതിവെട്ടിപ്പുകാരും തട്ടിപ്പുകാരും ഒക്കെ, തങ്ങളുടെ കള്ളപ്പണത്തിൽ ഒരുഭാഗം തെരഞ്ഞെടുപ്പുകളിൽ നിക്ഷേപിക്കാൻ തയ്യാറാണ്. അവർക്ക് അതുകൊണ്ടു പ്രയോജനമുണ്ട്. തങ്ങളുടെ കുത്സിതപ്രവൃത്തികൾ നിർബാധമായി തുടർന്നു നടത്താൻ ഈ ധനനിക്ഷേപം അവർക്ക കഴിവു നൽകുന്നു.

'മുതലാളിത്തമോ മിശ്രസമ്പദ്‌വ്യവസ്ഥയോ നിലവിലുള്ള ജനാധിപത്യരാജ്യങ്ങളിൽ കള്ളപ്പണത്തിനു് ഏററവും അധികം വൈപുല്യവും, വ്യാപ്തിയും, സ്വാധീനശക്തിയും ഉള്ള രാജ്യം ഇന്ത്യയാണ്'. (കുങ്കുമം, 15 മാർച്ച് 1983)

ഇരുട്ടുമുറിയിൽ കറുത്തപൂച്ചയെ കണ്ടുപിടിക്കുന്നതിലേറെ ശ്രമകരമാണ് കള്ളപ്പണത്തെപ്പററിയുള്ള യഥാർത്ഥ വസ്തുതകൾ ശേഖരിക്കുക. എങ്കിലും, ഇന്ത്യയിൽ കൊടികുത്തി വാഴുന്ന കള്ളപ്പണവ്യവസ്ഥിതിയെപ്പററി കിട്ടാവുന്നത്ര വസ്തുതകൾ ശേഖരിക്കാൻ ഇന്ത്യാഗവൺമെൻറ് ഇടക്കിടെ ശ്രമിക്കാറുണ്ട്. ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം ദൽഹിയിലെ 'നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി' എന്ന സ്ഥാപനം ഈയിടെ കള്ളപ്പണത്തെപ്പററി ഒരു പഠനം നടത്തുകയും തങ്ങളുടെ പഠനഫലം അടങ്ങിയ റിപ്പോർട്ട് ഇന്ത്യാഗവൺമെൻറിനു് സമർപ്പിക്കുകയുമുണ്ടായി. ഈ റിപ്പോർട്ടിൽനിന്നു ചില വിവരങ്ങൾ ജൂലൈ ആദ്യവാരത്തിൽ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

കൃഷി, വ്യവസായം, ഖനനം മുതലായ എല്ലാ സാമ്പത്തികമേഖലകളിലുമായി ഇന്ത്യയിൽ നടക്കുന്ന മൊത്തം സാമ്പത്തിക–ഉല്പാദനത്തിൻെറ (ജി. എൻ. പി.) നാല്പത്തെട്ടു ശതമാനത്തിലേറെ കള്ളപ്പണമാണെന്നാണ് 1978–79–ൽ നടന്ന ഒരു പഠനത്തിൽ പ്രസ്താവിച്ചിരുന്നതു്. ഇപ്പോൾ നടത്തിയ പഠനപ്രകാരം 1983– 4–ലെ മൊത്തം ദേശീയ–സാ

മ്പത്തിക ഉൽപാദനത്തിൻെറ (ജി. എൻ. പി.) പതിനെട്ട മുതൽ ഇരുപ ത്തൊന്നുവരെ ശതമാനം കള്ളപ്പണമാണെന്ന കണ്ടിരിക്കുന്നു. 1983–84–ൽ മുപ്പത്തോരായിരം കോടി രൂപയ്ക്കും മുപ്പത്തേഴായിരം കോടി രൂപയ്ക്കും (3,10,00,00,00,000–3,70,00,00,00,000 രൂപ) ഇടയ്ക്കുള്ള ഒരു തുക കണക്കിൽ ഒന്നുംപെടാതെ, കള്ളപ്പണമായി, ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ പുനരുൽപാദനപ്രക്രിയ നിർവിഘ്നം നിർവഹിച്ചുകൊണ്ടിരുന്നു!

കള്ളപ്പണത്തിന്മേൽ നികുതി ചുമത്താൻ വയ്യല്ലോ. (നികുതി ചുമത്തപ്പെട്ടാൽ കള്ളപ്പണം വെള്ളപ്പണമാവും). 1980–81–ൽ ഇന്ത്യയിൽ ആദായനികുതി ചുമത്തപ്പെട്ടിരുന്ന തുകയുടെ അറുപത്തെട്ട ശതമാനംമുതൽ നൂററിമുപ്പത്തൊമ്പതു ശതമാനം വരെ വരുന്ന തുക കള്ളപ്പണമെന്ന നിലയിൽ നികുതി ചുമത്തപ്പെടാതെപോയി. അതായതു്, നൂറു രൂപയ്ക്കു് നികുതി ചുമത്തിയപ്പോൾ 68–139 രൂപ നികുതിയിൽനിന്നു രക്ഷപ്പെട്ടുനിന്നു.

ഒരു പ്രത്യേക വ്യവസായത്തിൻെറ കാര്യം എടുക്കുകയാണെങ്കിൽ, പഞ്ചസാരവ്യവസായത്തിലെ നികുതിവെട്ടിപ്പു് 1960 കഴിഞ്ഞുള്ള പത്തു വർഷങ്ങളിൽ ഇരട്ടിയായി. മററു വ്യവസായങ്ങളിലും സ്ഥിതി വ്യത്യസ്തമാവാനിടയില്ല.

ഭൂമിയുടെ വിലയിൽ വന്ന വർധന കള്ളപ്പണവർധനയ്ക്കു് ഒരു കാരണമായിട്ടുണ്ടു്. വാങ്ങിയ വിലയേക്കാൾ വളരെ ഉയർന്ന വിലയ്ക്കു ഭൂമി വിൽക്കുമ്പോൾ, അധികം കിട്ടുന്ന തുകയുടെ മേൽ 'ക്യാപ്പിററൽ ഗെയ്ൻസ് ടാക്സ്'' ചുമത്തപ്പെടുന്നു. ഈ നികുതിയിൽനിന്നു രക്ഷപ്പെടാനും, ആധാരവില കുറയ്ക്കാനുമായി, ഭൂമിവിൽപ്പന സംബന്ധിച്ച പ്രമാണങ്ങളിൽ വില യഥാർത്ഥത്തിലുള്ളതിൽ എത്രയോ കുറച്ചുകാണിക്കുക സാധാരണമാണു്. മദ്രാസിൽ മാത്രമായി ഭൂമി ഇടപാടുകളിൽനിന്നു് ഒരാണ്ടിൽ അറുനൂററെഴുപത്തേഴുകോടി രൂപയ്ക്കുള്ള കള്ളപ്പണം പുതുതായി ഉണ്ടാവുന്നുണ്ടെന്നു് നാഷണൽ ഇൻസ്റ്റിററ്യൂട്ടു് പറയുന്നു. രാജ്യത്തിലാകെ ഈ ഇനത്തിൽ എത്ര കള്ളപ്പണം ആണ്ടുതോറും സൃഷ്ടിക്കപ്പെടുന്നു എന്നു് ഊഹിക്കാവുന്നതേയുള്ളു—അഥവാ, ഊഹിക്കുകകൂടി പ്രയാസമാണു്.

തെക്കേ ഇന്ത്യയിലെ ഒരു സ്റ്റേററിൽ, സർക്കാരിൽനിന്നുള്ള ശമ്പളവും അലവൻസും എല്ലാം അടക്കം 28,500 രൂപ, കണക്കനുസരിച്ചു്, കിട്ടിയിരുന്ന ജലസേചനവകുപ്പിലെ ഒരു എക്സിക്യൂട്ടീവ് എൻജിനിയർ ഒരാണ്ടിൽ കള്ളപ്പണമായി രണ്ടുലക്ഷത്തറുപതിനായിരം രൂപ സമ്പാദ്യമുണ്ടാക്കിയെന്നു് നാഷണൽ ഇൻസ്റ്റിററ്യൂട്ടു് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയുടെ പഠനറിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതു് ഒരൊററ ഉദ്യോഗസ്ഥൻെറ കാര്യം. ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയിലൂടെ എത്രകോടി രൂപ കള്ളപ്പണസമുച്ചയത്തിൽ ആണ്ടുതോറും എത്തിച്ചേരുന്നുണ്ടെന്നു് ആർക്കും പറയാനാവില്ല.

1980–81 വർഷത്തിൽ സർക്കാർ ചെലവുകളിൽനിന്നു കണക്കിൽപ്പെടാതെ 1636 കോടി രൂപ 'ചോർന്നു' പോയിട്ടുണ്ടാവണമെന്നു് ഈ പഠനറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഇതും കള്ളപ്പണമായി മാറിയിരിക്കണമല്ലോ.

കള്ളപ്പണം ഉണ്ടാക്കുന്നതിൽ ഭൂസ്വത്തു് ഇടപാടുകൾക്കുള്ള പങ്കിനെപ്പററി സൂചിപ്പിക്കുകയുണ്ടായി. വൻകിട വ്യവസായങ്ങൾ, ഫിലിം വ്യവസായം, കള്ളക്കടത്തു്, കെട്ടിടങ്ങൾ, അണക്കെട്ടുകൾ, റോഡുകൾ മുതലായവയുടെ നിർമാണം, വൈദ്യം, വക്കീൽപ്പണിമുതലായ 'ഉയന്ന' തൊഴിലുകൾ, വ്യാജമദ്യനിർമാണവും വില്പനയും, ട്രാൻസ്പോർട്ടു് വ്യവസായം എന്നിവയും കള്ളപ്പണത്തിൻെറ സ്രോതസ്സുകളാണു്. ഇറ

മതി—കയററുമതി ലൈസൻസുകൾ, വിദേശനാണ്യം, കൺട്രാക്ടുകൾ, അസംസ്കൃതവിഭവങ്ങൾ മുതലായവ വ്യവസായികൾക്ക് നൽകുന്നതിലോ, മററുവിധം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലോ കയ്യുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരും കള്ളപ്പണനിർമാണത്തിനു പററിയവരത്രെ.

സർക്കാരിന്റെ പ്രവർത്തനമേഖല വിപുലമാവുകയും, സാമ്പത്തിക പ്രവർത്തനത്തിന്റെമേലുള്ള സർക്കാർനിയന്ത്രണം സങ്കീർണ്ണമാവുകയും, സർക്കാർ ചെലവുകൾ വർദ്ധിക്കുകയുംചെയ്യുന്ന തോതിനു് കള്ളപ്പണത്തിന്റെ ഉല്പാദനവും പെരുകിവരുന്നു. തെരഞ്ഞെടുപ്പുകൾക്കു മാത്രമല്ല, നിത്യനിദാനപ്രവർത്തനങ്ങൾക്കുകൂടി കള്ളപ്പണത്തെ ആശ്രയിക്കാൻ രാഷ്ട്രീയപ്പാർട്ടികൾ നിർബന്ധിതങ്ങളാകുമ്പോൾ, ഒരു നിയന്ത്രണവുമില്ലാതെ കള്ളപ്പണം പൊതുജീവിതത്തിൽ അഴിഞ്ഞാട്ടം ആരംഭിക്കുന്നു. കള്ളപ്പണത്തിനെതിരെ നിയമം നടപ്പിലാക്കേണ്ടവർ കള്ളപ്പണത്തിന്റെ ദാസന്മാരും വിധേയന്മാരുമായിത്തീരുന്നു. ജനജീവിതം ദുസ്സഹവും സാമൂഹ്യമര്യാദ ശിഥിലവുമാവുകയാണു് ഇതിന്റെ ഫലം. നാം ഇന്നു് അനുഭവിക്കുന്നതും മറെറാന്നുമല്ല.

കള്ളപ്പണക്കാർ ഭരണാധികാരികളാവുകയോ, കള്ളപ്പണക്കാരുടേയും ഭരണാധികാരികളുടേയും താത്പര്യങ്ങൾ ഒന്നാവുകയോ ചെയ്യുമ്പോൾ, കള്ളപ്പണം കണ്ടുപിടിച്ചു നശിപ്പിക്കുന്നതിനു് ഉദ്ദേശിച്ചു നിർമിക്കപ്പെട്ട നിയമങ്ങൾ നടപ്പിലാക്കപ്പെടാതെപോവുന്നു. പകരം, കള്ളപ്പണം വെള്ളപ്പണമാക്കുന്നവർക്കു പല സൗജന്യങ്ങളും പ്രഖ്യാപിക്കപ്പെടുന്നു. തങ്ങളുടെ കൈവശമുള്ള കള്ളപ്പണം പുറത്തെടുക്കുന്നവർക്കു ശിക്ഷയൊന്നും നൽകുകയില്ലെന്നും, അവർ ഭാവിയിൽ നികുതി കൊടുത്തു നല്ല കുട്ടികളായി നടന്നാൽ മതിയെന്നും ഒരു പ്രഖ്യാപനം 1976—ൽ കേന്ദ്രഗവണ്മെൻറ് നടത്തുകയുണ്ടായി. 'വളണ്ടറി ഡിസ്ക്ലോസർ സ്കീം' എന്നറിയപ്പെടുന്ന ഈ പദ്ധതികൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടായില്ല.

കള്ളപ്പണം വെള്ളപ്പണമാക്കാനുള്ള സുരക്ഷിതമായ മറെറാരു മാർഗമായിരുന്നു 1981—ലെ 'ബെയറർ ബോൺഡ് പദ്ധതി'. ഇത്തരം സൗജന്യങ്ങൾകൊണ്ടൊന്നും കള്ളപ്പണത്തിന്റെ വളർച്ച തടയാൻ കഴിഞ്ഞിട്ടില്ല. നികുതി കൊടുക്കാതെതന്നെ കള്ളപ്പണം എടുത്തു് ഇഷ്ടംപോലെ പെരുമാറാമെങ്കിൽ, എന്തിനു് കള്ളപ്പണം കൈയിലുണ്ടെന്നു പ്രഖ്യാപിച്ചു് ചുമ്മാ നികുതി കൊടുക്കണം? ചേരിനിർമാർജനംപോലുള്ള സാമൂഹ്യ പരിഷ്കരണപരിപാടികൾക്കു് സർക്കാർ ഒരു നിധി ആരംഭിക്കുകയും ഈ നിധിയിൽ കള്ളപ്പണം പലിശയില്ലാതെ നിക്ഷേപിക്കുന്നതു് അനുവദിക്കുകയുംചെയ്യണമെന്നു്, തങ്ങളുടെ പഠനറിപ്പോർട്ടിൽ 'നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി' ഇപ്പോൾ നിർദ്ദേശിച്ചിട്ടുണ്ടു്. ഈ നിർദ്ദേശം ഗവണ്മെൻറ് നടപ്പിൽ വരുത്തിയാലും വലിയ ഫലമൊന്നും ഉണ്ടാവാൻപോവുന്നില്ല. സാമ്പത്തിക കുററങ്ങൾക്കു കടുത്ത ശിക്ഷകൾ നൽകാൻ നാം തയ്യാറാകാത്ത കാലത്തോളം, കള്ളപ്പണം ഇന്ത്യയിൽ വർദ്ധിച്ചുകൊണ്ടേയിരിക്കും.

കള്ളപ്പണം ഇല്ലാതാക്കുന്നതെങ്ങനെയാണു്? കറൻസിനോട്ടുകളായി സൂക്ഷിക്കപ്പെടുന്നതു് കള്ളപ്പണത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണത്രെ. അതിനാൽ, നൂററുരൂപ്പികനോട്ടിന്റെ പ്രചാരം നിരോധിച്ചതുകൊണ്ടു് കള്ളപ്പണക്കാർക്കു വലിയ നഷ്ടമൊന്നും വരാൻപോകുന്നില്ല. കഴിഞ്ഞ ആണ്ടിൽ (1984—85) ഇന്ത്യയിൽ പ്രചാരത്തിലിരുന്നതു് ഇരുപത്തിരണ്ടായിരം കോടി രൂപയുള്ള കറൻസി നോട്ടുകളായിരുന്നു. ഇവയിൽ അധികമൊന്നും കള്ളപ്പണമായി കെട്ടിവയ്ക്കപ്പെട്ടിരിക്കാനിടയില്ല. മാത്രമല്ല, കള്ളപ്പണത്തിന്റെ വളരെ വലിയ ഒരു ശതമാനം ബാങ്കുകളിൽ ഡെപ്പോസിററ്ചെയ്യപ്പെട്ടിരിക്കുകയാണെന്നു് 'നാഷണൽ ഇൻസ്റ്റിററ്യൂ

ട്ട്' കരുതുന്നു. തങ്ങളുടെ കള്ളപ്പണം കണ്ടുപിടിക്കപ്പെട്ടേക്കാമെന്ന ഭയം കള്ളപ്പണക്കാർക്ക് ഇല്ലാതായിരിക്കുന്നു. കള്ളപ്പണക്കാരിൽ, വ്യാപാര കുതുകികൾ കൂടുതൽ ലാഭമുണ്ടാക്കാനായി കള്ളപ്പണം ഉപയോഗപ്പെടുത്തി വരുകയാണ്. മററുള്ളവരാകട്ടെ സ്വർണ്ണം, വെള്ളി, രത്നങ്ങൾ, ഭൂമി, കെട്ടിടങ്ങൾ മുതലായവയിൽ കള്ളപ്പണം നിക്ഷേപിക്കുന്നു.

കള്ളപ്പണത്തിന്റെ വളർച്ചയ്ക്കു പററിയ കാലാവസ്ഥയാണ് വിലക്കയററം. വിലക്കയററം ഊഹക്കച്ചവടത്തെ പ്രോത്സാഹിപ്പിക്കുന്നു; ഊഹക്കച്ചവടം കള്ളപ്പണത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ നാണയപ്പെരുപ്പവും വിലക്കയററവും ഇനിയുമെത്രയോ വർഷങ്ങളിൽ തുടർന്നു നിലനിൽക്കുമെന്ന് ഉറപ്പാണ്. അതിനാൽ കള്ളപ്പണം പെരുകുകയല്ലാതെ, കുറയുക എന്ന പ്രശ്നം ഇവിടെ അടുത്തൊന്നും ഉണ്ടാകാൻപോകുന്നില്ല.

രാഷ്ട്രീയപ്പാർട്ടികൾ കള്ളപ്പണത്തെ ആശ്രയിക്കുന്നതു തടയാൻവേണ്ടിയാണ്, പാർട്ടികൾക്കു സംഭാവന പരസ്യമായിത്തന്നെ നൽകാൻ വ്യവസായസ്ഥാപനങ്ങളെ ഈയിടെ ഗവണ്മെൻറ് അനുവദിച്ചതു് എന്ന് പ്രധാനമന്ത്രി രാജീവ്ഗാന്ധി പറയുകയുണ്ടായി. എന്നാൽ, തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളെ നിർത്തുന്ന രാഷ്ട്രീയപ്പാർട്ടികളെല്ലാം രജിസ്റ്റർ ചെയ്യുകയും, തങ്ങളുടെ വാർഷികബജററ് പൊതു-ഓഡിററിനു വിധേയമാക്കുകയും ചെയ്യണമെന്ന നിയമം ഉണ്ടാക്കാത്ത കാലത്തോളം കള്ളപ്പണം രാഷ്ട്രീയപ്പാർട്ടികളെ നിയന്ത്രിക്കുന്ന ഇന്നത്തെ സ്ഥിതി തുടരുക തന്നെചെയ്യും. 1984-ലെ പാർലമെൻറ് തെരഞ്ഞെടുപ്പിനു് നാനൂറു കോടി രൂപ കള്ളപ്പണം രാഷ്ട്രീയപ്പാർട്ടികൾ ചെലവഴിക്കുകയുണ്ടായെന്നു നാഷണൽ ഇൻസ്റ്റിററ്യൂട്ടിന്റെ റിപ്പോർട്ടിൽ ഉദ്ധരിച്ച ഒരു കണക്കിൽ കാണുന്നു.

കള്ളപ്പണക്കാരും, അവരെ നിയന്ത്രിക്കേണ്ട സർക്കാരുദ്യോഗസ്ഥന്മാരും, രണ്ടുകൂട്ടരും, ഒരുപോലെ നിയമം ലംഘിക്കുന്നതു നിമിത്തമാണ് കള്ളപ്പണവളർച്ചയ്ക്ക് ഏററവും അനുകൂലമായ ഒരന്തരീക്ഷം ഇന്ത്യയിൽ ഉളവായിട്ടുള്ളതു്.

കള്ളപ്പണം കണ്ടുപിടിച്ചു പുറത്തെടുക്കാനും, കള്ളപ്പണക്കാരെ ശിക്ഷിക്കാനും, അങ്ങനെ കള്ളപ്പണത്തിന്റെ വളർച്ച തടയാനും പര്യാപ്തമായ നിയമങ്ങൾ ഇപ്പോൾത്തന്നെ ഇന്ത്യയിൽ നിലവിലുള്ളതായി നാഷണൽ ഇൻസ്റ്റിററ്യൂട്ടിന്റെ പഠനറിപ്പോർട്ടിൽ പറയുന്നുണ്ട്. ഉള്ള നിയമങ്ങൾ നടപ്പിൽ വരുത്താതിരിക്കുന്നതും, ദുർബലമായിമാത്രം നടപ്പിൽ വരുത്തുന്നതുമാണ് ഇന്ത്യയിലെ കള്ളപ്പണത്തിന്റെ വിശ്വരൂപാകാരമായ വളർച്ചയ്ക്കു കാരണം.

സാമൂഹ്യനീതിയുടെ പ്രകടനിഷേധമാണ് കള്ളപ്പണം. ഭരണപരവും സാമൂഹ്യവും ധാർമികവുമായ അധഃപതനത്തിനു് കള്ളപ്പണം കളമൊരുക്കുന്നു. കള്ളപ്പണത്തിന്റെ ഉറവിടങ്ങൾ കണ്ടുപിടിച്ച് അടച്ചുകളയാനും, ഇപ്പോഴുള്ള കള്ളപ്പണം കണ്ടെടുത്തു നശിപ്പിക്കാനും ദൃഢനിശ്ചയംചെയ്ത ഒരു സർക്കാർ എന്നാണ് ഇന്ത്യയിൽ നിലവിൽ വരുക?

12 ജൂലൈ, 1985